LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്ക് കൃത്യമായ എണ്ണം ഇപ്പോഴും അറിഞ്ഞുകൂടാ; ഒരു ചെറിയ സംഖ്യയേ ഉള്ളൂ. നാൽപതിൽ ത്താഴെയേ ഉള്ളൂ എന്നാണ് എന്റെ ഓർമ്മ. എത്രയായാലും ഇത്തരം തടവുകാർ വളരെകുറച്ചേ ഉള്ളൂ. അതിൽ ഏതെങ്കിലും സ്പെസിഫിക്ക് കേസ് ഇപ്പോഴും പറഞ്ഞതുപോലെയുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: നക്സലൈറ്റു പ്രവർത്തനം വീണ്ടും സജീവമാകുന്നുണ്ടെന്നുള്ള പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വല്ല നടപടിയുമെടുക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഞാൻ മുൻപൊരിക്കൽ പറഞ്ഞു. ചില കേന്ദ്രങ്ങളിലൊക്കെ സജീവമായ പ്രവർത്തനമുണ്ട്. പക്ഷേ, ആ പ്രവർത്തനത്തിന്റെ രൂപവും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനത്തിന്റെ ഒരു പ്രധാന രൂപം പോസ്റ്ററുകളിൽക്കൂടിയുള്ള പ്രചരണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. അതാണു പലയിടത്തും കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പു വന്നപ്പോഴും ചില സ്ഥലങ്ങളിൽ, തിരഞ്ഞെടുപ്പു ബഹിഷ്കരിക്കുക എന്ന ഒരു കാംപെയിൻ അവർ നടത്തുകയുണ്ടായി. മറ്റുതരത്തിൽ, കഴിഞ്ഞകാലത്തു നാട്ടിൽ നടന്ന അനാശാസ്യമായ പ്രവർത്തനങ്ങളുടെ രൂപത്തിൽ, പ്രവർത്തനം സംഘടിപ്പിക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ അങ്ങനെയുള്ള ഗ്രൂപ്പുകൾ ഉണ്ടോ എന്നു സശ്രദ്ധം പരിശോധിക്കുന്നുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ, നക്സലൈറ്റ് എന്നറിയപ്പെടുന്ന ആളുകൾ മൽസരിച്ചിട്ടുണ്ടോ? മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ ഇൻഫിൽട്രേറ്റു ചെയ്യാൻ ശ്രമിച്ചതായിട്ടോ അതു വിജയകരമായി നടത്തുന്നതായിട്ടോ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തിരഞ്ഞെടുപ്പിൽ മൽസരിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. രണ്ടാമത്തെ ചോദ്യത്തിനു മറുപടി പറയാൻ വിവരം ഇപ്പോഴും കൈയിൽ ഇല്ല.

ശ്രീ. സിറിയക് ജോൺ: നക്സലൈറ്റു പ്രസ്ഥാനവുമായി ബന്ധപ്പെടുത്തി അതതു കാലഘട്ടങ്ങളിൽ പോലീസുമേധാവികളും സംസ്ഥാനത്ത് അന്ന് അധികാരത്തിലിരുന്നവരും അവരുടെ ചില പ്രത്യേക താൽപര്യം വച്ചുകൊണ്ട് കരുതിക്കൂട്ടി ആളുകളെ നക്സലൈറ്റു കേസുകളിൽ ബന്ധപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി വല്ല വിവരവുമുണ്ടോ? ഉദാഹരണമായി രാജൻ കേസ് കരുതിക്കൂട്ടി നക്സലൈറ്റു കേസുമായി ബന്ധപ്പെടുത്തിയതാണെന്നു ഗവൺമെന്റിനറിയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർതന്നെ കൂടുതൽ വിവരങ്ങൾ പറയാതെ മറുപടി പറയാൻ എനിക്കു പ്രയാസമാണ്.

## കേരളാ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി

* 119 [128] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിയമസഭാസാമാജികൻമാരിൽനിന്നും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതിയെ സംബന്ധിച്ചു ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

(1) കേരള യൂണിവേഴ്സിറ്റി ആക്ടിലെ 6 (2) വകുപ്പുപ്രകാരമുള്ള സംവരണ വ്യവസ്ഥ യൂണിവേഴ്സിറ്റിയിലെ ടീച്ചിംഗ്-നോൺ ടീച്ചിംഗ് വിഭാഗത്തിലെ നിയമനത്തിൽ പാലിക്കപ്പെടുന്നില്ല.

(2) യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസർ ശ്രീ. പി. ബാലരാമറാവു, ഫിസിക്സ് റീഡർ ശ്രീ. ദേവനാരായണൻ, കണക്കുവിഭാഗത്തിലെ റീഡർ ശ്രീ. സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരുടെ നിയമനം യൂണിവേഴ്സിറ്റിയുടെ നിയമന ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ളവയായിരുന്നു.

(3) യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ്, ചാൻസലറുടെ അധികാരത്തെപ്പോലും. ചിലപ്പോൾ ചോദ്യം ചെയ്തിരുന്നു.

(4) എമർജൻസിയുടെ കാലഘട്ടത്തിൽ, സിൻഡിക്കേറ്റ് വിദ്യാർത്ഥികളുടെ പരീക്ഷാഫീസ് വർദ്ധിപ്പിക്കുകയുണ്ടായി.

(5) യൂണിവേഴ്സിറ്റിയിലെ പ്ലാനിംഗ് ആൻഡ് ഡവലപ്പ്മെൻറ് ഡയറക്ടറുടെ തസ്തിക നിയമം ലംഘിച്ചു സൃഷ്ടിച്ചു.

(6) യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ അച്ചടക്കമില്ലാത്ത രീതിയിലായിത്തീർന്നു. ചില സിൻഡിക്കേറ്റ് അംഗങ്ങൾ 40,000 രൂപയ്ക്കുമേൽ യാത്രപ്പടി വാങ്ങുകയുണ്ടായി.

(സി) പ്രസ്തുത പരാതിയിൻമേൽ കേരള യൂണിവേഴ്സിറ്റി വൈസ്ചാൻസലറുടെ അഭിപ്രായം വരുത്തി പരിശോധിക്കുകയും കൂടുതൽ വിവരങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

ശ്രീ. എ. വി. താമരാക്ഷൻ: യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകളെപ്പറ്റിയും അവിഹിതമായ നിയമനങ്ങളെപ്പറ്റിയും ഈ സഭയിൽനിന്നുള്ള 22 സാമാജികൻമാർ വ്യക്തമായ ചില ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റി ആക്ട് 84 (എ) വകുപ്പനുസരിച്ച് ഗവൺമെൻറിനുതന്നെ നേരിട്ടന്വേഷിക്കുകയോ അന്വേഷണ കമ്മീഷനെ ഏർപ്പെടുത്തി അന്വേഷിപ്പിക്കുകയോ ചെയ്യാം. ആ വകുപ്പനുസരിച്ച് അന്വേഷണം ഏർപ്പെടുത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറ് ഇപ്പോൾ സർവകലാശാലയുടെ വൈസ്ചാൻസലറുടെ വിശദീകരണം ആവശ്യപ്പെട്ടു. വിശദീകരണത്തിൽ തൃപ്തികരമല്ലാത്ത ഭാഗങ്ങളെക്കുറിച്ച് കൂടുതൽ വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആ വിശദീകരണം ലഭിച്ചശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ: കേരളായൂണിവേഴ്സിറ്റിയുടെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പിന്നോക്കസമുദായങ്ങൾക്കുമുള്ള സംവരണവ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്നു വ്യവസ്ഥയുണ്ട്. ഇതുവരെയുള്ള നിയമനങ്ങൾ പരിശോധിച്ചാൽ ഇതുവരെയും അതു പാലിച്ചിട്ടില്ല എന്നു മനസ്സിലാക്കാം. സംവരണതത്വങ്ങൾ കർശനമായി നടപ്പിലാക്കാൻ ഗവൺമെൻറ് എന്തു നടപടിയാണു സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംവരണവ്യവസ്ഥ ഓരോ കാറ്റഗറിയിലുംപെട്ട ഓരോ വിഭാഗം ഉദ്യോഗസ്ഥൻമാർക്കുമാത്രം നടപ്പിലാക്കണമെന്നേ ഇപ്പോൾ വ്യവസ്ഥയുള്ളൂ. അതുപ്രകാരം ഒരു കാറ്റഗറിയിലുള്ള പ്രൊഫസറുടെ ആറു പോസ്റ്റ് ഒഴിവുവന്നാൽമാത്രമേ ഒരു സമുദായത്തിനു സംവരണനിയമനം ലഭിക്കുകയുള്ളൂ. അതുമാറ്റി പെർട്ടിക്കുലായി എല്ലാ പ്രൊഫസർമാരുടെ പോസ്റ്റുകളും ഒന്നിച്ചു ചേർത്ത് അതിൽ സംവരണവ്യവസ്ഥ പാലിക്കണമെന്നു വ്യവസ്ഥ ചെയ്യാൻ ഗവൺമെൻറു ദ്ദേശിക്കുന്നു. അല്ലെങ്കിൽ ഒന്നും രണ്ടും പ്രൊഫസർ പോസ്റ്റും റീഡർ പോസ്റ്റും മാത്രമുള്ള യൂണിവേഴ്സിറ്റിയിൽ കാലാകാലം കാത്തിരുന്നാലും സംവരണം കിട്ടുകയില്ല. അതിനു സർവ്വകലാശാല നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ ഗവൺമെൻറാലോചിക്കുകയും അതിനു ഡെപ്യൂട്ടി സെക്രട്ടറിയുടെ തസ്തികയിലുള്ള ഒരുദ്യോഗസ്ഥനെ ഫുൾപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. അങ്ങനെ വ്യവസ്ഥയിൽ മാറ്റംവരുത്തിയാൽമാത്രമേ പാലിക്കാൻ കഴിയുകയുള്ളൂ. അടുത്തകാലത്ത് സംവരണത്തിൽ യൂണിവേഴ്സിറ്റി താരതമ്യേന കൂടുതൽ ശ്രദ്ധിക്കുന്നുണ്ടെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഏതെല്ലാം കാര്യങ്ങളിലാണ് വിശദീകരണം തൃപ്തികരമല്ലെന്നു കണ്ട് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടത്? എന്നാണാവശ്യപ്പെട്ടത്? മറുപടി കിട്ടാൻ എന്തു താമസം ഉണ്ടായിട്ടുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 40,000 രൂപ ഒരു സിൻഡിക്കേറ്റ് മെമ്പർ ടി.എ. വാങ്ങി എന്നതാണ് ഒരു കാര്യം. ഒരു മെമ്പർ അദ്ദേഹത്തിൻറെ തന്നെ ഇൻസ്റ്റിറ്റ്യൂഷന് 20,000 രൂപ ഗ്രാൻറു വാങ്ങാൻ സ്വാധീനം ചെലുത്തിയെന്നു മറ്റൊരാരോപണമുണ്ട്; അതിനെപ്പറ്റി വൈസ്ചാൻസലർ നൽകിയ വിശദീകരണം തൃപ്തികരമാണെന്നു തോന്നാത്തതുകൊണ്ട് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടു. 13-8-1979-ൽ അയച്ച ഒരു കത്തു പ്രകാരമാണ് ആവശ്യപ്പെട്ടത്.

ശ്രീ. കെ. സി. വാമദേവൻ: തൃപ്തികരമായ വിശദീകരണം കിട്ടിയ പ്രശ്നങ്ങളിൻമേൽ എന്തുനടപടി സ്വീകരിച്ചു. 22 നിയമസഭാസാമാജികൻമാർ എഴുതി എട്ടുപത്തു മാസത്തിനുമുമ്പ് ഗവൺമെൻറിൽ സമർപ്പിച്ച ഈ പരാതിയിൻമേൽ ഇതുവരെ വ്യക്തമായ ഒരു തീരുമാനം എടുക്കാതിരിക്കാൻ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൃപ്തികരമായ വിശദീകരണം വേറെ, തൃപ്തികരമല്ലാത്ത വിശദീകരണം വേറെ എന്നു വച്ചുകൊണ്ട് പ്രത്യേകംപ്രത്യേകം നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിനുകൂടി തൃപ്തികരമായ മറുപടി കിട്ടിയശേഷം നടപടിയെടുക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. വി. ജെ. ജോസഫ്: യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റി ഗുരുതരമായ ആരോപണങ്ങളാണ് ജനയുഗം പത്രത്തിൽവന്നതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? അതോ അത് രാഷ്ട്രീയപ്രേരിതമാണെന്നു കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജനയുഗം പത്രത്തിലെ കാര്യം ആവശ്യമില്ല; ഈ സഭയിലെ ഉത്തരവാദപ്പെട്ട 22 മെമ്പർമാർ രേഖാമൂലം നൽകിയ ആക്ഷേപം ഉള്ളപ്പോൾ പിന്നെ പത്രക്കട്ടിങ്ങുകളെപ്പറ്റി ആലോചിക്കേണ്ടതില്ല. രാഷ്ട്രീയ പ്രേരിതമെന്നു വിശ്വസിക്കുന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: ഈ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് വൈസ്ചാൻസലറുടെ വിശദീകരണം കിട്ടിയപ്പോൾ ടി.എ. പ്രശ്നമൊഴിച്ച് മിക്കവാറും എല്ലാം തൃപ്തികരമായ വിശദീകരണമെന്നു ഗവൺമെൻറു മനസ്സിലാക്കിയിരിക്കുന്നു എന്നാണു മറുപടിയിൽ നിന്നു മനസ്സിലാക്കുന്നത്. ഈ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമായിരുന്നു എന്നുള്ളതല്ലേ വസ്തുത?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാ ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്ന് ഇപ്പോൾ പറയുന്നതു ശരിയല്ല. മുഴുവൻ പരിശോധിക്കുന്നതിനു മുമ്പ് രണ്ടുമൂന്നു കാര്യങ്ങളിൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടു എന്നുമാത്രമേയുള്ളു.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടു പ്രകാരം പോലീസുകാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ

*120 [129] ശ്രീ. എം. പി. മാണി:

,, ഈപ്പൻ കണ്ടക്കുടി:

ഡോ. ജോർജ്ജു മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടുപ്രകാരം പോലീസുകാർക്കുള്ള ആനുകൂല്യം എത്ര രൂപയാണ്;

(ബി) ഈ ആനുകൂല്യം മുഴുവനുമായി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ആനുകൂല്യം മുഴുവനായി ലഭിക്കാത്തതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥൻമാരിൽനിന്ന് സമരഭീഷണി ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly